(ബി) എങ്കിൽ ഈ പ്രദേശത്തെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രളയബാധിത പ്രദേശത്തെ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനും, അവർക്ക് ഭക്ഷ്യധാന്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനും വേണ്ട സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്.

തിരുവല്ലം, പുഞ്ചക്കരി പാടശേഖരം നികത്തുന്ന നടപടി

10 (2766) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് തിരുവല്ലം പുഞ്ചക്കരി പാടശേഖരം വ്യാപകമായി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ തിരുവനന്തപുരത്തെ ശുദ്ധജല തടാകമായ വെള്ളായണിക്കായലിന്റെ നിത്യനാശത്തിനിടയാക്കുന്ന ഈ നടപടി നിയന്ത്രിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) പുഞ്ചക്കരി, മാങ്കിളിക്കരി പ്രദേശത്ത് വ്യാപകമാകുന്ന മണൽവാരൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആഴക്കയങ്ങൾ സൃഷ്ടിച്ചുള്ള മണൽവാരൽ ഓരുവെള്ളക്കയറ്റം, കൃഷിനാശം, കുടിവെള്ള ദൗർലഭ്യം എന്നിവ സൃഷ്ടിക്കുമെന്നതിനാൽ ഇത് തടയുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(സി) തിരുവല്ലം പ്രദേശത്തെ കുന്നുകൾ പരിസ്ഥിതി നാശത്തിനിടയാകും വിധം വ്യാപകമായി ഇടിച്ചു മണ്ണുകച്ചവടം ചെയ്യുന്ന പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അനിയന്ത്രിതമായി തുടരുന്ന ഈ പ്രവർത്തനം ഉണ്ടാക്കുന്ന പരിസ്ഥിതി പ്രത്യാഘാതം വിലയിരുത്താനും കർശന നിയന്ത്രണം ഏർപ്പെടുത്താനും എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ എന്ന് കൂടി വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

"അനിയന്ത്രിത മണൽവാരൽ തടയാൻ നടപടി"

11 (2767) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനിയന്ത്രിത മണൽവാരൽ നിമിത്തം നദികളുടെ വിസ്തൃതി കുറയുന്നതും താമസസ്ഥലങ്ങൾ കാലവർഷവും കടൽ വേലിയേറ്റവും മുഖാന്തിരം നഷ്ടപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly